ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 03.12.2024**

## പ്രധാനവാർത്തകൾ

1). ദേശീയ ഭിന്നശേഷി പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു വിതരണം ചെയ്തു. പുരസ്ക്കാര ജേതാക്കൾ സമൂഹത്തിന് മാതൃകയെന്ന് രാഷ്ട്രപതി.

2). സംസ്ഥാനത്തും വിപുലമായ പരിപാടികൾ. ഭിന്നശേഷിക്കാർക്ക് സമൂഹത്തിൽ പ്രഥമ പരിഗണന ലഭിക്കണമെന്നതാണ് സംസ്ഥാന സർക്കാറിന്റെ കാഴ്ചപ്പാടെന്ന് മന്ത്രി ആർ ബിന്ദു.

3). ഭരണപ്രതിപക്ഷ സമവായത്തെത്തുടർന്ന് ഇന്ന് മുതൽ പാർലമെന്റ് സതംഭനം ഒഴിവായി.രാജ്യത്തെ ഫലപ്രദമായി മുന്നോട്ടു നയിക്കുകയെന്നതാവണം പാർലമെന്റിന്റെ മുൻഗണനയെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു.

4). ആലപ്പുഴ ദേശീയപാതയിലെ അപകടത്തിൽ ജീവൻ പൊലിഞ്ഞ വിദ്യാർത്ഥികൾക്ക് നാടിൻറെ അന്ത്യാഞ്ജലി. പരിക്കേറ്റ ആറ് വിദ്യാർത്ഥികൾ അപകട നില തരണം ചെയ്തു.

5). ഫെയ്ഞ്ചൽ ചുഴലിക്കാറ്റിൻറെ പ്രഭാവത്താൽ ഉത്തരകേരളത്തിൽ പരക്കെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ്. കണ്ണൂർ ജില്ലയുടെ മലയോരപ്രദേശങ്ങളിൽ കനത്ത മഴ തുടരുന്നു.

6). ഏഷ്യാ കപ്പ് -ജൂനിയർ പുരുഷ ഹോക്കി സെമിയിൽ ഇന്ന് ഇന്ത്യ- മലേഷ്യ പോരാട്ടം.

******************************************

RNU TVPM

**രാഷ്ട്രപതി - ഭിന്നശേഷി- (ഇൻട്രോ)**

ദേശീയ ഭിന്നശേഷി പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു ന്യൂഡൽഹിയിൽ വിതരണം ചെയ്തു.

പുരസ്ക്കാര ജേതാക്കൾ സമൂഹത്തിന് മാതൃകയായി ഉയർന്നുവരുകയാണെന്ന് ചടങ്ങിൽ രാഷ്ട്രപതി പറഞ്ഞു. രാജ്യത്തുടനീളമുള്ള ദിവ്യംഗരെ പ്രചോദിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും പുരസ്ക്കാരങ്ങൾ സഹായിക്കുമെന്ന് ശ്രീമതി ദ്രൗപതി മുർമു വ്യക്തമാക്കി.

**(ബൈറ്റ്.........)**

**************************************

**ആർ ബിന്ദു-ഭിന്നശേഷി -(ഇൻട്രോ)**

ഭിന്നശേഷിക്കാർക്ക് സമൂഹത്തിൽ പ്രഥമ പരിഗണന ലഭിക്കമെണമെന്ന കാഴ്ചപ്പാടോട് കൂടിയുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന സാമൂഹ്യ നീതി വകുപ്പ് നടത്തുന്നതെന്ന് മന്ത്രി ആർ ബിന്ദു. ഭിന്നശേഷി വിഭാഗങ്ങളുടെ അവകാശങ്ങളെക്കുറിച്ചുള്ള അവബോധം സമൂഹത്തിലുണ്ടായിവരുന്നത് അഭിനന്ദനാർഹമാണെന്ന് മന്ത്രി പറഞ്ഞു. അന്താരാഷ്ട്ര ഭിന്നശേഷി ദിനാചരണത്തോടനുബന്ധിച്ച് സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഉണർവ്വ് പരിപാടിയുടെ സംസ്ഥാനതല ഉത്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. ഭിന്നശേഷി കുട്ടികൾക്ക് തടസരഹിതമായ ജീവിത സാഹചര്യം ഉറപ്പാക്കേണ്ടത് സമൂഹത്തിൻറെയും സർക്കാരിൻറെയും ഉത്തരവാദിത്തമാണെന്നും ശ്രീമതി ബിന്ദു വ്യക്തമാക്കി

**(ഹോൾഡ്......................)**

ഭിന്നശേഷി മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സാമൂഹ്യനീതി വകുപ്പ് ഏർപ്പെടുത്തിയ 2024 ലെ സംസ്ഥാന ഭിന്നശേഷി പുരസ്കാരങ്ങളും ചടങ്ങിൽ വിതരണം ചെയ്തു.

PNUTVPM

****************************************

**പാർലമെൻ്റ് - ഇന്ന്**

രാജ്യത്തെ ഫലപ്രദമായി മുന്നോട്ടു നയിക്കുന്നതിനായിരിക്കണം പാർലമെൻ്റ് മുൻഗണന നൽകേണ്ടതെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു. പാർലമെൻ്റ് നടപടികൾ തടസ്സപ്പെട്ടാൽ നഷ്ടം രാജ്യത്തിനാണെന്നും പാർലമെൻ്ററി കാര്യ മന്ത്രി കൂടിയായ അദ്ദേഹം ലോക്സഭയിൽ പറഞ്ഞു. ഇന്ന് മുതൽ സഭ സുഗമമായി നടക്കുന്നതിൽ അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു.

രാവിലെ, ഒരു പ്രമുഖ ബിസിനസ് സ്ഥാപനത്തിനെതിരായുള്ള കൈക്കൂലി ആരോപണമുൾപ്പെടെ ഉയർത്തി, ഐ എൻ ഡി ഐ സഖ്യം പാർലമെൻ്റ് സമുച്ചയത്തിൽ പ്രതിഷേധ പ്രകടനം നടത്തി.

****************************************

**ആലപ്പുഴ അപകടം - (ഇൻട്രോ)**

ആലപ്പുഴ ദേശീയപാതയിലെ അപകടത്തിൽ ജീവൻ പൊലിഞ്ഞ വിദ്യാർത്ഥികൾക്ക് നാടിൻ്റെ അന്ത്യാഞ്ജലി.

മരിച്ച എം.ബി.ബി.എസ് വിദ്യാർത്ഥികളുടെ പോസ്റ്റ്മോർട്ടം നടപടികൾ പൂർത്തിയായി. ആലപ്പുഴ മെഡിക്കൽ കോളേജിലായിരുന്നു പോസ്റ്റ്മോർട്ടം. അപകടത്തിൽ പരിക്കേറ്റ ആറ് വിദ്യാർത്ഥികളും അപകടനില തരണം ചെയ്തു. ഇവരെ അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയമാക്കി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**

**ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവി കുമാർ.....**

**(വോയിസ്......)**

****************************************

**മഴ- കേരളം**

ഫെയ്ഞ്ചൽ ചുഴലിക്കാറ്റിൻ്റെ പ്രഭാവത്താൽ ഉത്തര കേരളത്തിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര

RNU TVPM

കാലാവസ്ഥ വകുപ്പ്. കണ്ണൂർ കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. മലപ്പുറം, കോഴിക്കോട്, വയനാട്, പാലക്കാട്,തൃശൂർ,എറണാകുളം,ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കണ്ണൂർ ജില്ലയുടെ മലയോരപ്രദേശങ്ങളിൽ ശക്തമായ മഴ ഇപ്പോഴും തുടരുകയാണ്.

***************************************

## പ്രഥമ രാഷ്ട്രപതി

രാജ്യത്തിൻ്റെ പ്രഥമ രാഷ്ട്രപതി ഡോ. രാജേന്ദ്ര പ്രസാദിൻ്റെ ജന്മവാർഷികദിനമായ ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഭരണഘടനാ നിർമ്മാണസഭയുടെ ചെയർമാൻ എന്ന നിലയിൽ ഇന്ത്യൻ ജനാധിപത്യത്തിന് അടിത്തറ പാകിയ ശ്രീ രാജേന്ദ്ര പ്രസാദ് വിലമതിക്കാനാകാത്ത സംഭാവനയാണ് നൽകിയതെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

RNU TVPM

***************************************

## പ്രധാനമന്ത്രി - ചണ്ഡിഗഢ്

രാജ്യത്തെ പുതിയ ക്രിമിനൽ നിയമങ്ങളുടെ വിജയകരമായ നിർവ്വഹണം സംബന്ധിച്ച് ചണ്ഡിഗഢിൽ ഇന്ന് നടക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും. '<u>സുരക്ഷിത സമൂഹം, വികസിത ഇന്ത്യ: ശിക്ഷയിൽ നിന്ന് നീതിയിലേക്ക്</u>' എന്നതാണ് പരിപാടിയുടെ പ്രമേയം. പ്രധാനമന്ത്രി പങ്കെടുക്കുന്ന പരിപാടിയുടെ തത്സമയ പ്രക്ഷേപണം പ്രാദേശിക വാർത്തകൾക്ക് ശേഷം ആകാശവാണിയിൽ കേൾക്കാം. തുടർന്നായിരിക്കും മലയാള വാർത്താ പ്രക്ഷേപണം.

***************************************

## വിഴിഞ്ഞം

വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിൻറെ വാണിജ്യ പ്രവർത്തനത്തിന് ഇന്ന് തുടക്കമാകും. ഔദ്യോഗിക ചടങ്ങുകൾ

ഇല്ലാതെയാണ് പ്രവർത്തനം തുടങ്ങുക. ജൂലൈയിൽ ആരംഭിച്ച ട്രയൽ റൺ ഇന്നലെ പൂർത്തിയായി. ഇക്കാലയളവിൽ 1 .5 ലക്ഷം കണ്ടെയ്നർ ചരക്കു തുറമുഖം കൈകാര്യം ചെയ്തു. തുറമുഖത്തിൻറെ കമ്മീഷനിങ് അടുത്ത മാസം ഉണ്ടാകും. തുറമുഖം രാജ്യത്തിന് സമർപ്പിക്കുന്ന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കുമെന്നാണ് സൂചന.

****************************************

**ഇടുക്കി ടൂറിസം - (ഇൻട്രോ)**

ഇടുക്കി മാങ്കുളത്ത് സംഘടിപ്പിച്ച ത്രിദിന ആഗോള ലിംഗ സമത്വ ഉത്തരവാദിത്ത ടൂറിസം സമ്മേളനം സമാപിച്ചു.

വിനോദസഞ്ചാര വകുപ്പ്, ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി, യു.എൻ വിമെൻ എന്നിവ സംയുക്തമായാണ് ആഗോള സമ്മേളനം സംഘടിപ്പിച്ചത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**

**ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.**

**(വോയിസ്.........)**

RNU TVPM

****************************************

**മന്ത്രി വി ശിവൻകുട്ടി**

പി.ടി.എ. കളും എസ്.എം.സി. കളും അദ്ധ്യയന കാര്യത്തിലും ഭരണപരമായ കാര്യങ്ങളിലും ഇടപെട്ട് സ്കൂളുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നുന്നില്ലെന്ന് ഉറപ്പാക്കണമെന്ന് മന്ത്രി വി ശിവൻകുട്ടി. സംസ്ഥാനത്തെ സ്കൂൾ പി.ടി.എ. കമ്മിറ്റികളുടെ പ്രവർത്തനം സംബന്ധിച്ച് ചില മേഖലകളിൽ നിന്നും പരാതികൾ ഉയർന്നു വരുന്നുണ്ട്. അധ്യാപക രക്ഷകർത്തൃ സമിതിയുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ സ്കൂളുകളിൽ പി.ടി.എ.കൾക്ക് നടത്താമെന്നും മന്ത്രി പറഞ്ഞു.

****************************************

**<u>ബീമാപള്ളി ഉറൂസ് - (ഇൻട്രോ)</u>**

ബീമാപള്ളി ദർഗ്ഗാ ഷരീഫിലെ വാർഷിക ഉറൂസ് മഹോത്സവത്തിന് തുടക്കമായി. ഈ മാസം 13 വരെയാണ് ബീമാപ്പള്ളി ഉറൂസ്. ഇന്ന് നടന്ന സമൂഹപ്രാർഥനക്ക് ചീഫ് ഇമാം നുജ്മുദ്ദീൻ പൂക്കോയ തങ്ങൾ നേതൃത്വം നൽകി. വൈകുന്നേരം നടക്കുന്ന സാംസ്കാരിക സമ്മേളനത്തിൽ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക ആത്മീയ രംഗത്തെ പ്രമുഖർ പങ്കെടുക്കും.

**<u>ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി</u>**

**<u>രെജു  കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ട്..</u>**

**<u>(വോയിസ്......)</u>**

****************************************

**<u>ഹോക്കി</u>**

ഏഷ്യാ കപ്പ് ജൂനിയർ പുരുഷ ഹോക്കി സെമിഫൈനലിൽ നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യ ഇന്ന് മലേഷ്യയുമായി ഏറ്റുമുട്ടും. ഇന്ത്യൻ സമയം രാത്രി 8:30 ന് ഒമാനിലെ മസ്കറ്റിലാണ് മത്സരം. പൂൾ എ യിൽ ദക്ഷിണ കൊറിയയെ തോൽപ്പിച്ച് ഇന്ത്യ ഒന്നാം സ്ഥാനത്തെത്തി. ഇന്ന് നടക്കുന്ന മറ്റൊരു സെമിയിൽ പാകിസ്ഥാനും ജപ്പാനും തമ്മിലാണ് മത്സരം. നാളെയാണ് ഫൈനൽ.

RNU TVPM

****************************************

**<u>എക്സൈസ് കലാകായിക മേള</u>**

കാലിക്കറ്റ്  യൂണിവേഴ്സിറ്റി ക്യാമ്പസിൽ വച്ച് നടന്ന ഇരുപതാമത് സംസ്ഥാന എക്സൈസ് കലാകായികമേളയുടെ ഓവറോൾ ചാമ്പ്യന്മാരായി എറണാകുളം ജില്ല. തൃശ്ശൂർ ജില്ല രണ്ടാം സ്ഥാനവും കാസർകോട് ജില്ല മൂന്നാർ സ്ഥാനവും നേടി. ആതിഥേയ ജില്ലയായ  മലപ്പുറം നാലാമതാണ്.  മേളയുടെ സമാപന സമ്മേളനം മന്ത്രി വി. അബ്ദു റഹിമാൻ ഉദ്ഘാടനം ചെയ്തു.

****************************************

**<u>നവീൻ ബാബു മരണം - കണ്ണൂർ</u>**

കണ്ണൂർ എ.ഡി.എം ആയിരുന്ന കെ നവീൻ ബാബുവിൻറെ മരണവുമായി ബന്ധപ്പെട്ട കേസിലെ തെളിവുകൾ സംര ക്ഷിക്കണമെന്നാവശ്യപ്പെട്ട് അദ്ദേഹത്തിൻറെ ഭാര്യ കെ മഞ്ജുഷ നൽകിയ ഹർജിയിൽ ഇന്ന് വിധി പറയും. കണ്ണൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്‌ട്രേറ്റ് കോടതിയിലാണ് ഹർജി നൽകിയത് . രേഖകൾ സംരക്ഷിച്ചില്ലെങ്കിൽ, ഭാവിയിൽ കേസന്വേഷണം വേറെയേതെങ്കിലും ഏജൻസിയെ ഏല്പിക്കുന്ന പക്ഷം തെളിവുകൾ കിട്ടാതാകുമെന്നാണ് ഹർജിയിലെ വാദം.

***************************************

**<u>ഓഹരി + സ്വർണ്ണം</u>**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 469 പോയിൻറ് ഉയർന്ന് 70,717 -ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 136 പോയിൻറ് നേട്ടത്തിൽ 24,412- ലും വ്യാപാരം തുടരുന്നു.

സ്വർണ വിലയിൽ വർധന. സ്വർണം ഗ്രാമിന് 40 രൂപ ഉയർന്ന് 7,130 രൂപയും പവന് 320 രൂപ വർധിച്ച് 57,040 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

***************************************

***************************************

*****************